സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ

1. കൃഷി ഭൂമി വായ്പ
2. ഭവന നിർമ്മാണ വായ്പ
3. ഭവന പുനരുദ്ധാരണ വായ്പ
4. വിദേശ തൊഴിൽ വായ്പ
5. വിവാഹ ധനസഹായ വായ്പ
6. വിദ്യോത്സാഹന സമ്മാന വിതരണം.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധന സഹായത്തോടെയുള്ള പദ്ധതികൾ

1. വിവിധ സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പ.

നാടകരംഗത്തെ അവശകലാകാരൻമാരെ സംരക്ഷിക്കാൻ നടപടി

124 [1470] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടകകലയെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) നാടകരംഗത്ത് നിന്ന് പിൻവാങ്ങിയ അവശകലാകാരൻമാരെ സഹായിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം, അമേച്വർ നാടക മത്സരം, നാടകശില്പശാല, നാടകോത്സവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. നാടകകലാകാരൻമാർക്ക് അവാർഡ് നൽകി ആദരിക്കുന്നുണ്ട്. കലാകാര പെൻഷൻ നൽകുന്നുണ്ട്. ചികിൽസാ ധനസഹായം കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അവശരായ കലാകാരൻമാർക്ക് ചികിൽസാ ധനസഹായം, കലാകാര പെൻഷൻ എന്നിവ നൽകിവരുന്നുണ്ട്.

നാഷണൽ ഹൈവേയിൽ സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

125 [1471] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്:
,, സി. പി. മുഹമ്മദ്:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നാഷണൽ ഹൈവേയിൽ സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം എന്തെല്ലാമാണ്;

(ബി) 1998-ൽ നാഷണൽ ഹൈവേയിലോ മറ്റെങ്കിലും റോഡുകളിലോ സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് അന്നത്തെ ചീഫ് എഞ്ചിനീയർ എത്രപേർക്കാണ് അനുമതി നൽകിയതെന്നും ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) എത്ര സൈൻബോർഡുവയ്ക്കാൻ എന്തെല്ലാം വ്യവസ്ഥകളനുസരിച്ചാണ് അനുമതി നൽകിയത്; ഈയിനത്തിൽ ഗവൺമെൻറിന് എന്തു തുക കിട്ടി;

(ഡി) റോഡിൽ വയ്ക്കുന്ന സൈൻ ബോർഡുകളുടെ എണ്ണം കൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്രയായാണ് വർദ്ധിപ്പിച്ചത്; എത്ര കാലത്തേക്കാണ് ഈ അനുമതി നൽകിയത്;

(ഇ) പിന്നീട് ഈ കാലയളവ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ എത്രയായി വർദ്ധിപ്പിച്ചു; ഈ സൈൻബോർഡ് വയ്ക്കാനനുമതി ലഭിച്ചയാൾ അവയിൽ പരസ്യം പതിക്കുന്നതിന് ചാർജ്ജ് ഈടാക്കിയിരുന്നുവോ; എങ്കിൽ ഇപ്പോഴും പ്രസ്തുത വ്യക്തി സൈൻബോർഡുകൾ വയ്ക്കുന്നുണ്ടോ; ഈയിനത്തിൽ ഗവൺമെൻറിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിലെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്. †

(ബി) 1998-ൽ ദേശീയപാതയിൽ ഗ്യാൻട്രി സൈൻബോർഡ് സ്ഥാപിക്കുന്നതിന് കൊച്ചിയിലെ M/s Padiyath Diary എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ട്.

(സി) ദേശീയപാതയിൽ 15 ഗ്യാൻട്രി സൈൻബോർഡുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്. † ഈയിനത്തിൽ ഗവൺമെൻറിന് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഡി ആൻറ് ഇ) ഉണ്ട്. 1999-ൽ സൈൻബോർഡുകളുടെ എണ്ണം 75 ആയി കൂട്ടിയിട്ടുണ്ട്. ഇതിൻറെ കാലാവധി 5 വർഷത്തിൽ നിന്നും 30 വർഷമായി വർദ്ധിപ്പിക്കുകയുണ്ടായി. സൈൻബോർഡ് സ്ഥാപിക്കുവാൻ അനുമതി ലഭിച്ചയാൾ അതിൽ പരസ്യം പതിക്കുന്നതിന് ചാർജ്ജ് ഈടാക്കിയതായി അറിവില്ല. ഇപ്പോൾ പ്രസ്തുത വ്യക്തി 16 ഗ്യാൻട്രി സൈൻബോർഡുകൾ മാത്രമാണ് എൻ.എച്ച്..-ൽ സ്ഥാപിച്ചിട്ടുള്ളത്. ഈയിനത്തിൽ ഗവൺമെൻറിന് നഷ്ടമുള്ളതായി കരുതുന്നില്ല.

പൂർത്തിയാക്കപ്പെടാത്ത റോഡുകളും പാലങ്ങളും കെട്ടിടങ്ങളും

126 [1472] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ 2001 മാർച്ച് മാസത്തിനു മുമ്പ് നിർമ്മാണമാരംഭിച്ചവയും എന്നാൽ ഇപ്പോഴും പൂർത്തിയാക്കപ്പെടാത്തതുമായ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച്, ഇതുവരെ ചെലവഴിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly